# വ്യാജം വെടിയുക

## സദൃശ്യവാക്യങ്ങൾ 12:19

"സത്യം പറയുന്ന അധരം എന്നേക്കും നിലനിൽക്കും; വ്യാജം പറയുന്ന നാവോ മാത്രനേരത്തേക്കേയുള്ളൂ."

ജീവിതത്തിൽ സത്യം മാത്രം പറയുക എന്നതും പ്രവർത്തിക്കുക എന്നതും ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. കാരണം ക്രിസ്തു തന്നെ വചനത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്ന്." അങ്ങനെയെങ്കിൽ അവന്റെ അനുകാരികളായ നാം സത്യത്തിൽ നിലകൊള്ളാത്ത പക്ഷം ക്രിസ്തുവിനെ അസത്യവാദിയാക്കുന്നതിന്നു തുല്യമാണ്. എന്തിനും ഏതിനും നമ്മുടെ നാവിൽ നിന്ന് ആദ്യമേ സത്യം തന്നെ പറയാൻ കഴിഞ്ഞാൽ പിന്നെ നമുക്കതിനെയോർത്ത് ദു:ഖിക്കേണ്ടി വരില്ല. ഒരിക്കൽ ഒരു കള്ളം പറയുമ്പോൾ ചിലപ്പോൾ ആ നിമിഷത്തെ ഒരു നിലനിൽപ്പിനു വേണ്ടിയോ അല്ലെങ്കിൽ പല കാര്യങ്ങൾ നടക്കുന്നതിന്നു വേണ്ടിയോ ഒക്കെ ആകാം. പക്ഷെ അതിനു ശേഷം നാം അതിനെയോർത്ത് വളരെ അധികം വിഷമിക്കേണ്ടി വരും എന്നുള്ളത് വാസ്തവമായ ഒരു കാര്യമാണ്. അതു നമ്മുടെ മന:സമാധാനം തന്നെ ഇല്ലാതാക്കിക്കളയും. എന്നാൽ സത്യം എന്നേക്കും നിലനിൽക്കുന്നു.

പലരും കള്ളം പറയുന്നതിനെ ഇന്ന് നിസ്സാരവൽക്കരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവത്തിന്റെ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു "സത്യം പറയുന്ന അധരം എന്നേക്കും നിലനിൽക്കും; വ്യാജം പറയുന്ന നാവോ മാത്രനേരത്തേക്കേയുള്ളൂ." വാസ്തവത്തിൽ വ്യാജം അല്ലെങ്കിൽ കള്ളം എന്നു പറയുന്നത് ഇല്ലാത്തത് പറയുക എന്നാണ് നമ്മിൽ പലരും ധരിച്ചു വെച്ചിരിക്കുന്നത്. എന്നാൽ എന്തെങ്കിലും ഒരു കാര്യം അതിനെ ഉള്ള അവസ്ഥയിൽ നിന്ന് പെരുപ്പിച്ച് കാണിക്കുന്നതോ, ആരെയെങ്കിലും ഉപായത്താൽ ചതിയിൽ അകപ്പെടുത്തുന്നതോ, നാം പറഞ്ഞ വാക്ക് പാലിക്കതിരിക്കുന്നതോ, ഒരാളുടെ വിശ്വാസത്തെ തകർക്കുന്ന തരത്തിലുള്ള എന്തെങ്കിലും പ്രവൃത്തികളോ അതുമല്ലെങ്കിൽ ഒരാളെ കാര്യസാധ്യത്തിനായി പുകഴ്ത്തിപ്പറയുന്നതോ ഒക്കെ വ്യാജമായി കണക്കിടും.

നമ്മുടെ ചുറ്റിലേക്ക് നോക്കിയാൽ; മേൽപറഞ്ഞവ പ്രവൃത്തിക്കുന്നവരുടെ ജീവിതത്തിൽ, അത് അവർക്ക് ഒരു വിനയായി തീർന്നതായി കാണാം. അത് ചെയ്യുന്ന സമയത്ത് ചിലപ്പോൾ അവർ വളരെ പ്രതീക്ഷയോടെ ആയിരിക്കും പ്രവൃത്തിച്ചതെങ്കിലും

അതിന്റെ പരിണിതഫലം എന്നു പറയുന്നത് അവർ പിന്നീടാണ് അനുഭവിക്കുന്നത്. കാരണം അത് ദൈവീകതയ്ക്കെതിരാണ്. ഒരു ദൈവപൈതലായ നമ്മുടെ ജീവിതത്തിൽ നാം പറയുന്നതും പ്രവൃത്തിക്കുന്നതും ദൈവത്തിന്റെ പ്രതിഫലനം മറ്റുള്ളവരിലേക്കെത്തിക്കുന്നതായിരിക്കണം.

നാം സേവിക്കുന്ന നമ്മുടെ ദൈവം ഒരിക്കലും തന്നെയോ, പുത്രനാം ക്രിസ്തുവിനെയോ, പരിശുദ്ധാത്മാവിനെയോ വ്യാജമായി മറ്റുള്ളവരുടെ മുമ്പിൽ ചിത്രീകരിക്കാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ ചെയ്യുകവഴി നാം വലിയ പാപമാണ് ചെയ്യുന്നത് എന്നുള്ള കാര്യം മറന്നു പോകരുത്. നമ്മൾ പറയുന്നതും പ്രവൃത്തിക്കുന്നതും മുഴുവൻ വ്യാജമായ കാര്യങ്ങളാണെങ്കിൽ രക്ഷിക്കപ്പെടാത്തവരായ നമ്മുടെ ചുറ്റുമുള്ളവർ നമ്മുടെ ദൈവത്തെയും ക്രിസ്തുവിനെയും പരിശുദ്ധാത്മാവിനെയും വെറും വ്യാജമായിട്ടേ കാണൂകയുള്ളൂ. അതുകൊണ്ട് നാം ഒരു വ്യാജം പറയാനോ പ്രവൃത്തിക്കാനോ പ്രലോഭിക്കപ്പെടുമ്പോൾ ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട് നീ ദൈവത്തിന്റെ പൈതലാണ്, നീ ഇതു ചെയ്യുക വഴി നിന്റെ ദൈവത്തെയും പുത്രനാം ക്രിസ്തുവിനെയും പരിശുദ്ധാത്മാവിനെയും തള്ളിക്കളയുകയാണ്; ആയതിനാൽ നിന്റെ പ്രവൃത്തികൾ നിർവ്യാജമായിരിക്കട്ടെ.

ഇന്നു നമ്മുടെ ജീവിതത്തിൽ വന്നുപോയ സകല വ്യാജപ്രവൃത്തികളെയും, സംസാരങ്ങളെയും നമുക്ക് ദൈവസന്നിധിയിൽ സമർപ്പിച്ച് മാപ്പപേക്ഷിക്കാം. ദൈവമേ തെറ്റു പറ്റിപ്പോയി എന്നാൽ ഞാൻ ഇനി എന്റെ ജീവിതത്തിൽ ഇപ്രകാരം പ്രവൃത്തിക്കുകയോ സംസാരിക്കുകയോ ചെയ്യുകയില്ല എന്നു പറഞ്ഞ് നിരപ്പിനായി യാചിക്കാം. ദൈവം തന്റെ അതിപരിശുദ്ധറൂഹായാൽ നമ്മെ ശക്തീകരിക്കുകയും പുതുക്കത്തിന്റെ ഒരു അനുഭവം നമ്മിൽ തന്ന് നമ്മെ അവന്റെ പ്രതിരൂപങ്ങളാക്കി മാറ്റുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ.

**പരാമർശം :**

**സദൃശ്യവാക്യങ്ങൾ 12:22**

“വ്യാജമുള്ള അധരങ്ങൾ യഹോവെക്കു വെറുപ്പു; സത്യം പ്രവൃത്തിക്കുന്നവരോ അവന്നു പ്രസാദം”

**ബ്രദർ ബിനു ബേബി ആലപ്പുഴ 064**